# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി.9/591/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി.9/591/2023 തീയ്യതി: 18/04/2023

# പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2021 മുതൽ 15-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-03-2023 | 21-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-03-2023 | 21-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എസ്. പ്രേമാനന്ദ്, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)

പി. സുജാത, ഓഡിറ്റ് ഓഫീസർ

എം.എസ്. താരിഖ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

സി.എം. ഗോകുൽ, ഓഡിറ്റർ

കെ. എ. മോഹനൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലക്ഷ്മി കുട്ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| രാധാകൃഷ്ണൻ കെ.വി. | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാഗിണി | അസി. സെക്രട്ടറി | 01-04-2021 | 12-07-2021 |
| ഷീല കെ.എൻ | അസി. സെക്രട്ടറി | 13-07-2021 | 31-03-2022 |
| ശാന്തി എലിസബത്ത് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| റഷീദ് ഇ | അസി. എഞ്ചിനീയർ | 01-04-2021 | 25-02-2022 |
| ജമീല | അസി. എഞ്ചിനീയർ | 26-02-2022 | 31-03-2022 |
| ഡോ. അബ്ദുൾ റഷീദ്. വി.പി | മെഡിക്കൽ ഓഫീസർ (PHC ) | 01-04-2021 | 31-03-2022 |
| ഡോ. പി. ആഷ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. സെയ്ത് അബൂബക്കർ സിദ്ദിഖ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| യാസർ അറഫാത്ത് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| വിജയ കുമാർ കെ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| രാജേഷ്. എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീലത കെ.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| വിജയ ലക്ഷ്മി പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| അദ്വൈത് കെ.എസ് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 22-07-2021 |
| അഭിജിത് കെ. ദീപക് | ക്ഷീര വികസന ഓഫീസർ | 23-07-2021 | 03-11-2021 |
| ശാന്താമണി ഇ.എസ് | ക്ഷീര വികസന ഓഫീസർ | 04-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാതുവർഷം തന്നെ വിനിയോഗിക്കണം | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-11 |
| 14 | വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-12 |
| 15 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല | 1-13 |
| 16 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല | 1-14 |
| 17 | പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു | 1-14-1 |
| 18 | ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കൾ വിവിധ ക്ഷേമനിധി ബോർഡുകളിലെ ആക്റ്റീവ്പെൻഷൻ ലിസ്റ്റിൽ ഉൾപ്പെടുന്നു | 1-14-2 |
| 19 | വാഹനത്തിന്റെ ഉപയോഗം-മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല | 1-15 |
| 20 | വെള്ളക്കരം- കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കണം | 1-16 |
| 21 | MGNREGS മെറ്റീരിയൽ പർച്ചേസ്- സപ്ലൈയറിൽ നിന്ന് GST സ്രോതസ്സിൽനിന്നും 2% ഈടാക്കി അടവാക്കിയിട്ടില്ല | 1-17 |
| 22 | വയോജനങ്ങൾക്ക് കട്ടിൽ- അർഹതയില്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചു | 1-18 |
| 23 | പോർട്ടബിൾ ബയോ കംബോസ്റ്റ് ബിൻ - ബില്ലിൽ നിന്നും ജി എസ് ടി-ടി ഡി എസ് കുറവ് ചെയ്തിട്ടില്ല | 1-19 |

| | | |
|---|---|---|
| 24 | കുടുംബശ്രീ ചെലവഴിക്കാത്ത പദ്ധതിത്തുക തിരിച്ചടച്ചിട്ടില്ല | 1-20 |
| 25 | മാനസിക വൈകല്യമുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് - മുഴുവൻ തുകയും ഉറപ്പുവരുത്തിയിട്ടില്ല | 1-21 |
| 26 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ | 1-22 |
| 27 | പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കാത്തത് | 1-23 |
| 28 | ഇ ടെണ്ടർ ഫോം വിലയായി ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തുക തനത് ഫണ്ടിൽ അടവാക്കാത്തത് | 1-24 |
| 29 | ടെയ്ക്ക് എ ബ്രേക്ക് - വട്ടമ്പലം ഷോപ്പിങ് കോംപ്ലക്സിൽ ടോയ്‌ലറ്റ് ബ്ലോക്ക് എക്സ്റ്റൻഷൻ - ടോയ്‌ലറ്റ് തുറന്ന് കൊടുക്കാത്തത് | 1-25 |
| 30 | ചങ്ങലീരി സി.എച്ച്. സ്റ്റേഡിയം - തുറന്ന് കൊടുക്കാത്തത് | 1-26 |
| 31 | മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയില്ല | 1-27 |
| 32 | പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയില്ലാതെ പ്രവൃത്തി ചെയ്തത് | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷിക കണക്കുകൾ - സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

24/02/2021 തീയതിയിലെ 1-1 നമ്പർ തീരുമാനപ്രകാരം 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 26/03/2022തീയതിയിലെ 1-1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | 2021-22 നടപ്പ് ബജറ്റ് | 2021-22 പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 10,443,187 | 12,638,341 |
| വരവ് | 335927000 | 383074727 |
| ആകെ | 346,370,187 | 395713068 |
| ചെലവ് | 342,307,500 | 385951106 |
| നീക്കിയിരിപ്പ് | 4062687 | 9761962 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 28.04.2022 | ബാധകമല്ല | ബാധകമല്ല |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. ലൈഫ് പദ്ധതിക്കായി എടുത്തിട്ടുള്ള ലോൺ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2. അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന ടെണ്ടർ ഫോമുകളുടെ വില തനത് ഫണ്ടിൽ Sale Of Tender Forms എന്ന ഹെഡിൽ അക്കൗണ്ട് ചെയ്യുന്നതിനു പകരം ഓഡിറ്റ് റിക്കവറി എന്ന ഹെഡിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

3. MNREGS-രജിസ്റ്റർ പ്രകാരം അഡ്മിൻ ചെലവ് ₹1534517.5 യും നീക്കിയിരിപ്പ് ₹3951.50യുമാണ്.

AFS പ്രകാരം അഡ്മിൻ ചെലവ് ₹1534518യും നീക്കിയിരിപ്പ് ₹3951യുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/18.3.2023ന് ടെണ്ടർ ഫോം വില തെറ്റായി അക്കൗണ്ട് ചെയ്തത് വരും വർഷങ്ങളിൽ സംഭവിക്കാതെ പ്രത്യേകം ശ്രദ്ധിക്കുന്നതാണ് എന്നും NREGS കണക്കുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് പദ്ധതിക്കായി എടുത്തിട്ടുള്ള ലോൺ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ലോൺ രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വരവിനങ്ങൾ | | | |
|---|---|---|---|
| ഇനം | ഹെഡ് | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം |

| | | | |
|---|---|---|---|
| Contractors' Retention | 340100301 | 71,604 | 66,901 |
| ചെലവിനങ്ങൾ | | | |
| Contractors' Security Deposit | 340100201 | 35,000 | 37,500 |
| Suppliers' Security Deposit | 34010020 | 33,750 | 36,250 |

ഇക്കാര്യം ഓഡിറ്റ് അന്വേഷണം നമ്പർ 20-2/21.03.2023 മുഖേന ശ്രദ്ധയിൽ പെടുത്തിയപ്പോൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റർ പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല.

6. വാട്ടർ കണക്ഷൻ ഡെപ്പോസിറ്റ് - വാർഷിക കണക്കിൽ കാണിക്കാത്തത്

പുതിയ വാട്ടർ കണക്ഷൻ നൽകുമ്പോൾ സ്വീകരിക്കുന്ന ഡെപ്പോസിറ്റ് തുക വാർഷിക കണക്കിൽ Receipt & Payment Statement ൽ വരവു വെച്ചിട്ടില്ല. നിലവിൽ വാട്ടർ കണക്ഷൻ നൽകുമ്പോൾ സ്വീകരിക്കുന്ന ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യതയായി എത്ര തുകയുണ്ടെന്നതിന്റെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യം ഓഡിറ്റ് അന്വേഷണം നമ്പർ 20-3/21.03.2023 മുഖേന ശ്രദ്ധയിൽ പെടുത്തിയപ്പോൾ നിലവിൽ പുതിയ വാട്ടർ കണക്ഷൻ നൽകുമ്പോൾ 140500102 Water Connection Charges Collected എന്ന ഹെഡിലാണ് തുക വരവ് വെച്ചിരിക്കുന്നത്, ഡെപ്പോസിറ്റ് ആയിട്ടല്ല തുക സ്വീകരിച്ചു വരുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ കണക്ഷൻ നൽകുമ്പോൾ സ്വീകരിക്കുന്ന ഡെപ്പോസിറ്റ് തുക വേറിട്ട് Liability Accountൽ ആണ് വരവ് വയ്ക്കേണ്ടത്.

ഈ വിഷയം തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13361301 |
| വരവ് | 103360542 |
| ആകെ | 116721843.00 |
| ചെലവ് | 92335207 |
| നീക്കിയിരിപ്പ് | 24386636 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16809060 | 16809060 | 16808611 | 449 |
| വികസന ഫണ്ട്-ജനറൽ - ഉറവിടത്തിൽ നിന്നും കുറവ്ചെയ്തത് | 0 | 4,421,140 | 4421140 | 4,421,140 | 0 |
| വികസന ഫണ്ട്-ജനറൽ - ഒട്ടാകെ | 0 | 21230200 | 21230200 | 21229751 | 449 |
| വികസനഫണ്ട്-എസ്.സി.പി | 0 | 7835549 | 7835549 | 7,020,802 | 814747 |
| വികസന ഫണ്ട്-എസ്.സി.പി - ഉറവിടത്തിൽ നിന്നും കുറവ് | 0 | 798,251 | 798251 | 798,251 | 0 |

| | | | | | |
|---|---|---|---|---|---|
| ചെയ്തത് | | | | | |
| വികസനഫണ്ട് - എസ്.സി.പി - ഒട്ടാകെ | 0 | 8633800 | 8633800 | 7819053 | 814747 |
| വികസന ഫണ്ട്-ടി. എസ്.പി | 0 | 469,992 | 469992 | 469992 | 0 |
| വികസന ഫണ്ട്-ടി. എസ്.പി - ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | 0 | 9,008 | 9008 | 9,008 | 0 |
| വികസന ഫണ്ട്- ടി. എസ്.പി - ഒട്ടാകെ | 0 | 479000 | 479000 | 479000 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 13355000 | 13355000 | 13121850 | 233150 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 6544617 | 6544617 | 2209060 | 4335557 |
| 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied (Interest ഉൾപ്പെടെ) | 0 | 4172770 | 4172770 | 3357716 | 815054 |
| സ്പിൽ ഓവർ പദ്ധതികൾ ക്കായി ലഭ്യമായ 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied | 0 | 611510 | 611510 | 607000 | 4510 |
| 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | 0 | 6085000 | 6085000 | 728960 | 5,356,040 |
| സ്പിൽ ഓവർ പദ്ധതികൾ ക്കായി ലഭ്യമായ 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | 0 | 4749901 | 4749901 | 879,052 | 3870849 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ICDS | 1854579 | 1,187,989 | 3042568 | 2405938 | 636630 |
| TSC | 1326000 | 0 | 1326000 | 549,496 | 776504 |
| BRGF | 70473 | 0 | 70473 | 0 | 70473 |
| TSC -2 | 0 | 180,000 | 180000 | 0 | 180000 |
| MNREGS | 12955 | 35128810 | 35141765 | 35137814 | 3951 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ശുചിത്വ മിഷൻ | 1923271 | 132,071 | 2055342 | 562071 | 1493271 |
| കുടിവെള്ള പദ്ധതിക്കുള്ള പ്രത്യേക ഗ്രാന്റ് | 2881485 | 0 | 2881485 | 873335 | 2008150 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 6,121,548 | 6,121,548 | 6,121,548 | 0 |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 0 | 53,957 | 53957 | 53957 | 0 |
| മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം | | | | | |
| MN ലക്ഷം വീട് (KSHB) (*) | 75000 | 0 | 75000 | 0 | 75000 |

(*) MN ലക്ഷം വീട് (KSHB) നീക്കിയിരിപ്പുള്ള ₹75000/- 2014-15 മുതൽ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്.

### 1-4-1 സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാതുവർഷം തന്നെ വിനിയോഗിക്കണം

2021-22 വർഷം സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളിൽ ₹9259262/- ചെലവഴിക്കാതെ നഷ്ടമായിട്ടുണ്ട്. നഷ്ടമായ തുകയുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 449 |
| വികസനഫണ്ട്-എസ്.സി.പി | 814747 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 233150 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 4335557 |
| സ്പിൽ ഓവർ പദ്ധതികൾക്കായി ലഭ്യമായ 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied | 4510 |
| സ്പിൽ ഓവർ പദ്ധതികൾക്കായി ലഭ്യമായ 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | 3870849 |
| ആകെ | 9259262 |

സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കി ഗ്രാന്റുകൾ വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ വികസനം ഉറപ്പാക്കണം.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 254 | 137680093 | 189 | 75978003 | 0 | 65 | 74.41 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം:

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 2158125 | 1092279 | 50.61 |
| വെറ്റിനറി സർജൻ | 7 | 7 | 7064400 | 4590700 | 64.98 |
| മെഡിക്കൽ ഓഫീസർ (PHC) | 8 | 5 | 2286765 | 1154226 | 50.47 |
| മെഡിക്കൽ ഓഫീസർ (ISM) | 3 | 3 | 819339 | 819339 | 100 |

| | | | | | |
|---|---|---|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 2088000 | 49920 | 2.39 |
| ICDS സൂപ്പർവൈസർ | 7 | 6 | 12601100 | 9334025 | 74.07 |
| സെക്രട്ടറി | 20 | 12 | 3634306 | 1739903 | 47.87 |
| ഹെഡ്മാസ്റ്റർ (GLPS) | 14 | 8 | 2109000 | 1415598 | 67.12 |
| VEO | 26 | 23 | 50026659 | 26615087 | 53.2 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 151 | 110 | 51003799 | 25592465 | 50.18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 450000 | 450000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 6 | 3438600 | 3124461 | 90.86 |
| ആകെ | 254 | 189 | 137680093 | 75978003 | 55.18 |

അംഗീകാരം ലഭിച്ച 254 പദ്ധതികളിൽ 189 എണ്ണം (74%) ആണ് തൻ വർഷം നടപ്പാക്കി തുക ചെലവഴിച്ചത്. വകയിരുത്തിയ തുകയിൽ 55.18% മാത്രമാണ് ചെലവഴിക്കാനായത്. പ്രോജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ടുകൾ അതാത് വർഷം തന്നെ പൂർത്തീകരിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 12955 | 1525514 | 1538469 | 1534518 | 3951 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 33603296 | 33603296 | 33603296 | 0 |
| ആകെ | 12955 | 35128810 | 35141765 | 35137814 | 3951 |

എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ്, നീക്കിയിരിപ്പ് എന്നിവ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

രജിസ്റ്റർ പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ചെലവ് -₹1534517.50, നീക്കിയിരിപ്പ് -₹3951.50

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 58 | 925800 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 504 | 7490600 |
| വിധവാ പെൻഷൻ | 1568 | 24639500 |
| വാർദ്ധക്യകാല പെൻഷൻ | 2330 | 33904500 |
| വികലാംഗ പെൻഷൻ | 418 | 6416700 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 11 | 330000 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-03-2023 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 64876/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

യഥാർത്ഥ വരവുചെലവിന്റെ ഇരട്ടിയോളമാണ് ബജറ്റിൽ വകയിരുത്തിയത്. ബജറ്റ് മാന്വൽ അനുശാസിക്കുംപ്രകാരം കൃത്യതയോടെയും സൂക്ഷ്മതയോടെയും ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

വാർഷിക കണക്ക് തയ്യാറാക്കുന്നതിലും അനുബന്ധ രേഖകളുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിന് സമർപ്പിക്കുന്നതിലും ജാഗ്രത കാണിക്കേണ്ടതാണ്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പാഴാക്കാതെ സമയബന്ധിതമായി വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണ സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നികുതി നിർണ്ണയത്തിലും പൂർണ്ണമായും പിരച്ചെടുക്കുന്നതിലും കാര്യക്ഷമത ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് വെള്ളക്കരം ഇനത്തിൽ ലഭ്യമാവേണ്ട തുക പിരിച്ചെടുക്കുന്നതിലും പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ചുറപ്പാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതും ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതിയിലുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നതിലും പരിപാലിക്കുന്നതിലും സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

വാങ്ങലുകളുടെ ബിൽ തുക നൽകുമ്പോൾ സ്രോതസിൽ നിന്നും ഈടാക്കേണ്ട നികുതികൾ ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

വിവിധ പ്രോജക്ടുകളുടെ നടത്തിപ്പിനായി കുടുംബശ്രീക്ക് കൈമാറിയ തുകകളിൽ ചെലവഴിക്കാതെ കുടുംബശ്രീ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വ്യക്തിഗത ഗുണഭോക്താക്കൾക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ആസ്തികൾ സംരക്ഷിക്കുന്നതിലും ജനങ്ങൾക്ക് ഉപയോഗപ്രദമാവുന്ന രീതിയിൽ പരിപാലിക്കുന്നതിലും ശ്രദ്ധി ക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായ തുകയിൽ വിനിയോഗിക്കാത്ത തുക തിരിച്ചടക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് വ്യക്തമായി കണക്ക് സൂക്ഷിക്കുകയും ഇതിന്റെ കൃത്യമായ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾക്കൊള്ളിക്കുകയും വേണം. ഇതിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള രേഖകളും രജിസ്റ്ററുകളും കൃത്യതയോടെ പരിപാലിക്കേണ്ടതാണ്.

പഴയ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിൽ പ്രത്യേകം താൽപ്പര്യമെടുക്കേണ്ടതും ഈ ഓഡിറ്റ് റിപ്പോർട്ട്, കമ്മിറ്റി ചർച്ച ചെയ്ത് സമയബന്ധിതമായി മറുപടി സമർപ്പിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-1-2023 | 12/2022 | 17-1-2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-4-2020 മുതൽ 22-4-2020 വരെ | 2005-06 മുതൽ 2009-10 വരെ | 28.5.2010 |

അക്കൗണ്ടന്റ് ജനറലിന്റെ 2005-06 മുതൽ 2009-10 വരെ വർഷ ഓഡിറ്റ് റിപ്പോർട്ടിലെ എല്ലാ ഖണ്ഡികകളും നം. LBA (HQ)III/I/8A-1566/10-11/395 തിയതി, 6-3-2019 പ്രകാരം തീർപ്പാക്കിയിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് പരിധിയിലെ പൊതു വിതരണ സമ്പ്രദായത്തിനു കീഴിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 2/18-03-2023 ന് നൽകിയ മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ 11 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെന്നും, 4 റേഷൻകടയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അടവാക്കിയതായും (1. എ.ആർ.ഡി. നം. 16. 3000/- രസീത് നം. 1220406369/21.03.2023, 2.എ.ആർ.ഡി. നം. 18. 3000/- രസീത് നം. 1220406363/21.03.2023, 3.എ.ആർ.ഡി. നം. 19. 3000/- രസീത് നം. 1220406365/21.03.2023, 4.എ.ആർ.ഡി. നം. 98. 3000/- രസീത് നം. 1220406351/21.03.2023)
മറ്റുള്ളവരുടെ കൂടി ഉടൻ അടവാക്കി രസീതി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

(A) സഞ്ചയയിലെ നിലവിലെ ഡാറ്റാ പ്രകാരം പഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടെലിഫോൺ ടവറുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സഞ്ചയയിലെ അസ്സസ്സ്മെന്റ് പ്രകാരം വസ്തു നികുതി കുടിശ്ശികയുള്ള ടെലിഫോൺ ടവറുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം നം. | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കുടിശ്ശിക യായ വർഷം | നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 7/753 | റിലയൻസ് മൊബൈൽ ടവർ | 2018-19 ഒന്നാം അർദ്ധ വർഷം മുതൽ 2021-22 വരെ | 4580/- (4362 + LC 218 – അർദ്ധ വർഷം) |

(B) സഞ്ചയയിലെ അസ്സസ്സ്മെന്റ് പ്രകാരം വസ്തു നികുതി കുടിശ്ശിക വരുത്തിയ കല്യാണ മണ്ഡപത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം നം. | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കുടിശ്ശികയായ വർഷം | നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 17/141 | ജഹീഫ്. കെ.പി. (ജഢീർ വില്ല) | 2021-22 ഒന്നും രണ്ടും അർദ്ധവർഷം | 6783/- (6460+ LC 323 – അർദ്ധ വർഷം) |

(C) സഞ്ചയയിലെ അസ്സസ്സ്മെന്റ് പ്രകാരം വസ്തു നികുതി കുടിശ്ശിക വരുത്തിയ സ്വകാര്യ ഹോസ്റ്റൽ / ഹോംസ്റ്റേ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടം നം. | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കുടിശ്ശികയായ വർഷം | നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 11/687 | ഉമ്മർ. കെ, കോലനി | 2021-22 ഒന്നും രണ്ടും അർദ്ധവർഷം | 1708/- (1626+ LC 82-അർദ്ധ വർഷം) |
| 2 | 11/690 | ഉമ്മർ. കെ, കോലനി | 2020-21, 2021-22ഒന്നും രണ്ടും അർദ്ധവർഷം | 1930/- (1838+ LC 92 -അർദ്ധ വർഷം) |

വസ്തു നികുതി കുടിശ്ശിക ഈടാക്കാനായി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 3/18-03-2023 (A & B), 14/21-03-2023 (C) ന് ലഭ്യമാക്കിയ മറുപടിയിൽ (A) മൊബൈൽ ടവറിന്റെ വസ്തു നികുതി ഡിമാന്റ് നോട്ടീസ് നൽകി അടവാക്കി അറിയിക്കുന്നതാണെന്നും, (B) കല്യാണ മണ്ഡപത്തിന്റെ വസ്തു നികുതി ഡിമാന്റ് നോട്ടീസ് നൽകി അടവാക്കി അറിയിക്കുന്നതാണെന്നും, (C) സ്വകാര്യ ഹോസ്റ്റൽ/ ഹേംസ്റ്റേ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നോട്ടീസ്, ആർ.ആർ. നോട്ടീസ് എന്നിവ നൽകി അടവാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വസ്തു നികുതി കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-13 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിൽ മേൽ വിജ്ഞാപനങ്ങൾ പ്രകാരമുള്ള ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നികുതി നിരക്ക് നിർണ്ണയിക്കാത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിൽ മേൽ ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിർണ്ണയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം : 4/18-03-2023 ന് നൽകിയ മറുപടിയിൽ മേൽ ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിർണ്ണയിച്ച് അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-14 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല

3.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനാണ്. വിതരണം ചെയ്യാത്ത തുക/അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 0011023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC KSBK0000101) തിരിച്ചടയ്ക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിന്റെയും സേവന പെൻഷൻ ഡാറ്റാബേസിന്റെയും കൃത്യത പരിശോധിക്കുന്നതിനായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ നിന്നും

ലഭ്യമായ ഡിസംബർ 2022 ലെ ബിൽ ഡിസ്ബ്രിപ്പൻസിലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും 2021ലെ മരണ രജിസ്റ്ററുകളും അനുബന്ധഫയലുകളും പരിശോധനാവിധേയമാക്കി. ബിൽ ഡിസ്ബ്രിപ്പൻസി ലിസ്റ്റിൽ വിവിധ കാരണങ്ങളാൽ പെൻഷൻ സ്വീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിച്ച് സമയബന്ധിതമായി ഡാറ്റാ ബേസിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

സേവനയിൽ നിന്നും ഡിസംബർ 2022 ലെ ബിൽ ഡിസ്ബ്രിപ്പൻസി ലിസ്റ്റ് ആണ് അവസാനം ജനറേറ്റ് ചെയ്തിട്ടുള്ളത്. ഇതിൽ താഴെ പറയും വിധം 20 പെൻഷൻ ഗുണഭോക്താക്കളാണ് വിവിധ കാരണങ്ങളാൽ പെൻഷൻ തടഞ്ഞുവെക്കപ്പെട്ടതായിട്ടുള്ളത്.

| പെൻഷൻ തടഞ്ഞു വക്കാനുള്ള കാരണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| മസ്റ്ററിംഗ് നടത്തിയിട്ടില്ല / ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല | 13 |
| വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതലാണ് | 3 |
| Participant Not Mapped To The Product | 2 |
| A/c Blocked Or Frozen | 1 |
| സർക്കാർ ഉത്തരവ് പ്രകാരം 06.02.2017 ന ശേഷം ഒന്നിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല. | 1 |
| ആകെ | 20 |

മേൽ ലിസ്റ്റിൽ നിന്നും ഏതാനും ഗുണഭോക്താക്കളുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ സേവനയിൽ നിന്നും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

എ.മസ്റ്ററിംഗ് നടത്തിയിട്ടില്ല/ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണത്താൽ ആഗസ്റ്റ് 2019 മുതൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു.

മസ്റ്ററിംഗ് നടത്തിയിട്ടില്ല/ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള ഏതാനും ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള കാലഘട്ടം |
|---|---|---|
| മാരി | 108370100419 | ആഗസ്റ്റ് 2019മുതൽ ഡിസംബർ 2022 വരെ തടഞ്ഞു വച്ചിരിക്കുന്നു |
| ചിരുത | 108370200024 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ തടഞ്ഞു വച്ചിരിക്കുന്നു |
| കദീജ | 108370100065 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ തടഞ്ഞു വച്ചിരിക്കുന്നു |
| സൈമൺ | 108370100734 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ തടഞ്ഞു വച്ചിരിക്കുന്നു |
| കാമാക്ഷി | 108370200032 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ തടഞ്ഞു വച്ചിരിക്കുന്നു |

| | | |
|---|---|---|
| സൈനബ | 108370201390 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ തടഞ്ഞു വച്ചിരിക്കുന്നു |
| കമലാക്ഷി.കെ | 108370201814 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ തടഞ്ഞു വച്ചിരിക്കുന്നു |
| സലീം അബൂബക്കർ | 108370400247 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ തടഞ്ഞു വച്ചിരിക്കുന്നു |
| ജോജി വർഗീസ് | 108370400357 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ തടഞ്ഞു വച്ചിരിക്കുന്നു |
| ആദിൽ മുഹമ്മദ് | 108370400432 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ തടഞ്ഞു വച്ചിരിക്കുന്നു |
| കദീജ | 108370601083 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ തടഞ്ഞു വച്ചിരിക്കുന്നു |
| ആയിഷ ബീരാൻ | 108370600665 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ തടഞ്ഞു വച്ചിരിക്കുന്നു |
| കദീജ | 108370601108 | ആഗസ്റ്റ് 2019 മുതൽ നവംബർ 2022 വരെ തടഞ്ഞു വച്ചിരിക്കുന്നു |

ഡിസ്ക്രിപൻസി ലിസ്റ്റിൽ ഈ കാറ്റഗറിയിലുള്ളവർ മരണപ്പെടുകയോ മറ്റേതെങ്കിലും തരത്തിൽ അർഹത നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ടോ എന്ന വിവരം പരിശോധനാ വിധേയമാക്കിയതിന്റെ വിവരങ്ങൾ നൽകിയിട്ടില്ല.

ബി. A/c Blocked Or Frozen എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു - സുലൈമാൻ.പി. -പെൻഷണർ ഐ.ഡി -108370202217 -ഡിസംബർ 2022

എല്ലാ ഗുണഭോക്താക്കളുടെയും തൽസ്ഥിതി പരിശോധിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല.

സി. സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതാ മാനദണ്ഡങ്ങൾ / നിർദ്ദേശങ്ങൾ ഭേദഗതി ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സ.ഉ(എം.എസ്)നം.97/2020/ധന. തീയതി 23.09.2020 പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ/ അർഹതാ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം 06.02.2017 ന് മുമ്പ് സാമൂഹ്യസുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങി വരുന്നവർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ 06.02.2017 മുതൽ ഒരു സാമൂഹ്യസുരക്ഷാപെൻഷന് മാത്രമേ അർഹതയുള്ളൂ. ശ്രീ.മുഹമ്മദ്- പെൻഷൻ ഐ.ഡി- 108370200579

-ഡിസംബർ 2021 മുതൽ പെൻഷൻ തടഞ്ഞ് വെച്ചിട്ടുള്ളതായി കാണുന്നു. ശ്രീമതി.തിത്തു -പെൻഷൻ ഐ.ഡി-108370600845- സെപ്തംബർ 2022 മുതൽ പെൻഷൻ തടഞ്ഞ് വെച്ചിട്ടുള്ളതായി കാണുന്നു.

ഈ ഗുണഭോക്താക്കളുടെ സ്റ്റാറ്റസ് നിലവിലും ആക്ടീവ് ആയി തുടരുന്നുണ്ട്.

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.10/20.3.2023ന് ക്രമ നം. (എ) യിലെ അപാകതക്ക് വ്യക്തമായ അന്വേഷണം നടത്തി അടിയന്തിര പ്രാധാന്യത്തോടെ സസ്പെന്റ് ചെയ്യുന്നതാണ് എന്നും (ബി) യിലെ അപാകതക്ക് ഗുണഭോക്താവിന് നിലവിൽ ഒരു പെൻഷൻ മാത്രമേ അനുവദിക്കുന്നുള്ളൂ എന്നും (സി) യിലെ ഗുണഭോക്താവിന്റെ അക്കൌണ്ടുള്ള ബാങ്ക് നിലവിലില്ലാത്തതിനാൽ പുതിയ ബാങ്ക് അക്കൗണ്ട് സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ പെൻഷൻ വിതരണം പുന:സ്ഥാപിക്കപ്പെടുകയുള്ളൂ എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ അപാകതകളിൻമേൽ തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14-1 പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു. യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതു വരെ ഡി.ബി.റ്റി സെൽ വഴി ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നത് തുടരുന്നു. 2021,2022 വർഷങ്ങളിലെ രണ്ടു വോള്യം മരണരജിസ്റ്ററുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുന്നതായി ശ്രദ്ധയിൽ പെട്ട ഏതാനും പേരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണപ്പെട്ടതിനു ശേഷം തുക കൈമാ റിയ മാസ ങ്ങൾ | ആകെ അനർഹമായി കൈമാറിയ തുക |
|---|---|---|---|---|---|---|
| 1. | സൈനബ അബ്ദുള്ള | 108390 601053 | WP | 22.11.2021 | ഡിസംബർ 21 മുതൽ ഡിസംബർ 2022 വരെ | 20800 (13*1600) |
| 2. | വി.ടി.നാരായണൻ | 108410 201508 | OAP | 26.11.2021 | ഡിസംബർ 21 മുതൽ ഡിസംബർ 2022 വരെ | 20800 (13*1600) |
| 3. | കദീജ | 108370 600373 | WP | 23.6.2021 | ജൂൺ 21 മുതൽ ഡിസംബർ 2022 വരെ | 28800 (18*1600) |

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.10/20.3.2023ന് സഹകരണ ബാങ്കിൽ നിന്നുള്ള റിപ്പോർട്ട്, മെമ്പർമാർ നൽകുന്ന വിവരങ്ങൾ, മരണപ്പെട്ടവരുടെ ബന്ധുക്കൾ നൽകുന്ന അപേക്ഷ എന്നിവയിന്മേൽ അന്വേഷണം നടത്തി മരണപ്പെട്ടവരെ സമയബന്ധിതമായി സേവന സൈറ്റിൽ സസ്പെന്റ് ചെയ്തു വരുന്നുണ്ട് എന്നും അനർഹമായ തുക കൈപ്പറ്റിയത് വ്യക്തമായ അന്വേഷണം നടത്തി തിരിച്ചടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരം സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തു നോക്കി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അനർഹമായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-14-2 ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കൾ വിവിധ ക്ഷേമനിധി ബോർഡുകളിലെ ആക്ടീവ്പെൻഷൻ ലിസ്റ്റിൽ ഉൾപ്പെടുന്നു

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള താഴെ പറയുന്ന വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നും നിലവിലും പെൻഷൻ അനുവദിക്കുന്നതായി കാണുന്നു.

1. ലക്ഷ്മിക്കുട്ടിഅമ്മ, മരണം നടന്ന തീയതി - 06.12.21, Karshaka Pension For Small And Marginal Farmers പെൻഷണർ .

2. ശങ്കരൻ, മരണ തീയതി -8.12.2021 KERALA DAIRY FARMERS WELFARE FUND BOARD പെൻഷണർ .

3. സുബൈദ മരണം നടന്ന തീയതി -07.12.21, Kerala Building And Other Construction Workers Welfare Board Pensioner.

4.ആയിഷബീവി മരണ തീയതി -18.12.2021 Karshaka Pension For Small And Marginal Farmers പെൻഷണർ

5. കറുപ്പൻ മരണ തിയതി -23.12.2021 Karshaka Pension For Small And Marginal Farmers( പെൻഷണർ
6. ഗോപി.എം.കെ. മരണ തിയതി -25.6.2021 Kerala Building And Other Construction Workers Welfare Board പെൻഷണർ

7. ഹനീഫ തങ്ങൾ മരണ തിയതി -6.7.2021 Karshaka Pension For Small And Marginal Farmers പെൻഷണർ

അതത് ക്ഷേമനിധി ബോർഡുകളെ ഗുണഭോക്താവിന്റെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല.

അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.10/20.3.2023ന് പഞ്ചായത്തിലെ ഐഎൽജിഎംഎസ് സോഫ്റ്റ്‌വെയറിൽ ഡെത്ത് രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ ആയത് അയച്ചു നൽകുന്നതിന് നിർവാഹമില്ല എന്നും മരണ രജിസ്ട്രേഷനിൽ ആധാർ നമ്പർ ഉൾപ്പെടുത്തുന്നത് ഒരു മാൻഡേറ്ററി ഫീൽഡ് ആക്കി സോഫ്റ്റ്‌വെയർ ക്രമീകരിക്കുന്നതിലൂടെ ആധാർ ലിങ്കിംഗ് വഴി ഇത്തരത്തിലുള്ള ക്രമക്കേടുകൾ നിയന്ത്രിക്കാൻ സാധ്യമാകുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-15 വാഹനത്തിന്റെ ഉപയോഗം-മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല

പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി Xylo-D2- KL-50H-0568എന്ന വാഹനമാണ് ഉപയോഗിച്ചു വരുന്നത്. വാഹനത്തിന്റെ സൂക്ഷിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നുണ്ട്.

- വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് 30/06/2007ലെ ജി.ഒ.(എം.എസ്)നം. 170/07 ത.സ്വ.ഭ.വ, സർക്കുലർ നം 41/2008/ധനം. തീ.02.08.2008 എന്നീ സർക്കാർ ഉത്തരവിൽ പറയും പ്രകാരമുള്ള റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ,

ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ എഴുതി സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

- ലോഗ് ബുക്കിൽ 3/2022 വരെ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല
- ലോഗ്ബുക്കിൽ വാഹനം ഉപയോഗിക്കുന്ന വ്യക്തി, കൺട്രോളിംഗ് ഓഫീസർ എന്നിവർ 30.9.2022 നശേഷം ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

വാഹനത്തിന്റെ പരിപാലനച്ചെലവ്

2021-22 വർഷത്തിൽ വാഹനത്തിന്റെ പരിപാലനത്തിനായി ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വാഹനം | ഡീസൽ(രൂ) | റിപ്പയർ & മെയിന്റനൻസ്(രൂ) |
|---|---|---|
| KL-50H-0568 | 118425 | 50451 |

വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/21.3.2023ന് റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കി സെക്രട്ടറിയുടെ ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും ലോഗ് ബുക്ക് എല്ലാ മാസവും സംക്ഷിപ്തം എഴുതി സെക്രട്ടറിയെ കൊണ്ട് ഒപ്പ് രേഖപ്പെടുത്തുന്നതാണ് എന്നും വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ എല്ലാം തന്നെ കർശനമായി പാലിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-16 വെള്ളക്കരം- കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ഊർജിതമാക്കണം

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിയിൽ ചങ്ങലീരി, വെള്ളപ്പാടം, വട്ടമ്പലം എന്നിവിടങ്ങളിലായി 3 ഫിൽറ്റർ പ്ലാന്റുകളാണ് നിലവിലുള്ളത്. 18 വാർഡുകളിലേക്കും ഈ കുടിവെള്ള പദ്ധതിയിൽ നിന്നാണ് വെള്ളം ലഭ്യമാക്കുന്നത്. ടി കുടിവെള്ള പദ്ധതിയിൽ 2894 ഗാർഹിക കണക്ഷനുകൾ നിലവിലുണ്ട്. ഗാർഹിക കണക്ഷനുകൾക്ക് പ്രതിമാസം 110 രൂപ നിരക്കിൽ വെള്ളക്കരം ഈടാക്കുന്നുണ്ട്.

2021-22 വർഷത്തെ വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ ഭീമമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ്(₹) | കളക്ഷൻ(₹) | ബാലൻസ്(₹) |
|---|---|---|---|
| മുൻ വർഷങ്ങളിലെ കുടിശ്ശിക | 3916799 | 571429 | 3345370 |
| തൻവർഷം | 3643200 | 1680048 | 1963152 |
| ആകെ | 7559999 | 2251477 | 5308522 |

2021-22 വർഷത്തിൽ വെള്ളക്കരം ഇനത്തിൽ 2251477 രൂപ വരവുണ്ട്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും പരിപാലനത്തിനുമായി 2021-22 ൽ താഴെ പറയും പ്രകാരം ചെലവ് വന്നിട്ടുണ്ട്.

| | |
|---|---|
| കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് (₹) | 682005 |
| മെയിന്റനൻസ് ചാർജ് (₹) | 1324339 |
| പമ്പ് ഓപ്പറേറ്റർമാരുടെ വേതനം (₹) | 1622720 |
| ആകെ | 3629064 |

കുടിവെള്ള പദ്ധതികളുടെ പരിപാലനത്തിനായി ഗണ്യമായ തുക ചെലവ് വരുന്നതിനാൽ വെള്ളക്കരം കൃത്യമായി ഈടാക്കാതിരിക്കുന്നത് ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതാണ്.

ആയതിനാൽ കുടിശ്ശിക അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.15/21.3.2023) നൽകിയതിന് മറുപടിയായി കുടിശ്ശികയുള്ള ഉണഭോക്താക്കളുടെ വീട്ടിൽ നേരിട്ട് ചെന്ന് കുടിശ്ശിക അടവാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് നൽകി വരുന്നുണ്ട് എന്നും ഏപ്രിൽ മുതൽ കുടിവെള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പ്രത്യക സ്ക്വാഡ് രൂപീകരിച്ച് അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

വെള്ളക്കരം കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 MGNREGS മെറ്റീരിയൽ പർച്ചേസ്- സപ്ലൈയറിൽ നിന്ന് GST സ്രോതസ്സിൽനിന്നും 2% ഈടാക്കി അടവാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ MGNREGS മെറ്റീരിയൽ പ്രവർത്തികൾക്കായി ടെണ്ടർ മുഖാന്തിരം സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർ വിവിധ പ്രവർത്തികൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്തതിന് GSTരേഖപ്പെടുത്തിയ ബില്ലുകൾ നൽകിയിട്ടുണ്ട്. കരാറുകാരിൽ നിന്നും ചരക്ക് സേവന നികുതി 2% (1% CGST +1% SGST) ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതായി കാണുന്നില്ല.

മെറ്റീരിയൽ പർച്ചേസ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | FTO നം. | തിയ്യതി | തുക(₹) |
|---|---|---|---|---|
| 1 | നമ്പിയത്ത് റോഡ് കോൺക്രീറ്റ് വാർഡ്-9 കരാറുകാരൻ - ശ്രീ.ശറഫുദ്ദീൻ അലി.സി. | 216750 | 5-9-2022 | 156677 |
| 2 | ഞെട്ടരക്കടവ് ക്വാർട്ടേഴ്സ് റോഡ് കോൺക്രീറ്റ് വാർഡ് -11 കരാറുകാരൻ - ശ്രീ.ശറഫുദ്ദീൻ അലി.സി. | 216748 | 5-9-2022 | 156615 |
| 3 | എടത്തൊടി വട്ടമ്പലം റോഡ് കോൺക്രീറ്റ് വാർഡ് -14 കരാറുകാരൻ -ശ്രീ.മുഹമ്മദ് ജംഷീർ.പി. | 316795 | 16-3-2023 | 159323 |
| 4 | ചക്കരക്കുളമ്പ്- പച്ചീരിക്കുന്ന് റോഡ് | 316792 | 16-3-2023 | 155788 |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റ് വാർഡ് -14<br>കരാറുകാരൻ -ശ്രീ.മുഹമ്മദ് ജംഷീർ.പി. | | | |
| | | | ആകെ | 628403 |

മേൽ പ്രവൃത്തികൾളുടെ ബില്ലിൽ നിന്നും സോത്രത്തിൽ നിന്നും GST 2% കുറവ് ചെയ്യാത തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ സപ്ലൈയർ ടി.ഡി.എസ് റിട്ടേൺ മുഖാന്തിരം നികുതി ഒടുക്കിക്കുകയോ ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/18.3.2023) മറുപടിയായി തുടർന്നു വരുന്ന പ്രവൃത്തികളിൻമേൽ നിയമാനുസൃതം തുക കുറവ് ചെയ്ത് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2.5 ലക്ഷത്തിൽ കൂടുതൽ കരാർ തുകയുള്ള ബില്ലുകളിൽ നിന്ന് സോഴ്സിൽ നിന്നുതന്നെ 2% കുറവ് ചെയ്ത് അടവാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ബാധ്യസ്ഥനാണ്. അല്ലാത്തപക്ഷം ജി.എസ്.ടി നിയമങ്ങൾ അനുസരിച്ചുള്ള പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

ഭാവിയിൽ ബിൽ തുക അനുവദിക്കുമ്പോൾ തന്നെ GST സോഴ്സിൽ തന്നെ 2% ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-18 വയോജനങ്ങൾക്ക് കട്ടിൽ- അർഹതയില്ലാത്ത വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം.- 24/22 | വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 391500- |
| ചെലവ് | 389276- |
| നിർവ്വഹണം - ഐ സി ഡി എസ് സൂപ്പർവൈസർ | ബിൽ നമ്പർ. 10/22, 09-11-21 |
| ഇൻവോയ്സ് നമ്പർ, തീയ്യതി, സ്ഥാപനം | സിഡ്കോ, SMCPKD/P1/ 21-22/243, 28-10-2021 |

വയോജനങ്ങൾക്ക് കട്ടിൽ അനുവദിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 60 വയസ്സ് പൂർത്തിയായിട്ടില്ല. ആധാർ പ്രകാരമുള്ള ജനന വർഷം താഴെ കൊടുക്കുന്നു. സിഡ്കോയിൽ നിന്നും 90 കട്ടിലുകൾ യൂണിറ്റ് കോസ്റ്റ് (3665.50 + 659.50 Gst= 4325) പ്രകാരം വാങ്ങിയതിനു 389276- രൂപ അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

| ഗുണഭോക്താവിന്റ പേര് | ആധാർ നമ്പർ | ജനന വർഷം | വയസ്സ് (As On 21-22) |
|---|---|---|---|
| ആയിഷ, വാർഡ്-17 | 243408830219 | 1966 | 56 |
| പാർവ്വതി, വാർഡ്-8 | 456097342981 | 1965 | 57 |

| | | | |
|---|---|---|---|
| സുഹാന, വാർഡ്-5 | 676539742926 | 1965 | 57 |

14-02-2018 തീയ്യതിയിലെ സ.ഉ(കൈ)നം.22/2018/തസ്വഭവ പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.13(2) ൽ 60 വയസ്സ് കഴിഞ്ഞവർക്കാണ് കട്ടിൽ ലഭ്യമാകുന്നതിനുള്ള അർഹതയുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മേൽ ഗുണഭോക്താക്കൾക്ക് 60 വയസ്സ് പൂർത്തിയാകുവാൻ വർഷങ്ങൾ ബാക്കിയിരികെ ആനുകൂല്യം അനുവദിച്ചത് ശരിയായ നടപടിയല്ല. നിർവ്വഹണ സമയത്ത് ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കേണ്ടതും അനർഹരെ ഒഴിവാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (9/20-03-23) നൽകിയതിൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

1-19 പോർട്ടബിൾ ബയോ കംബോസ്റ്റ് ബിൻ - ബില്ലിൽ നിന്നും ജി എസ് ടി-ടി ഡി എസ് കുറവു ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ-57/22 | പോർട്ടബിൾ ബയോ കംബോസ്റ്റ് ബിൻ |
| അടങ്കൽ | 1814400 |
| ചെലവ് | 2,93,400 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണം | വി ഇ ഒ |

ചെലവു വിവരങ്ങൾ

| സ്ഥാപനം | തീയ്യതി, തുക |
|---|---|
| ഐ ആർ ടി സി, മുണ്ടൂർ അക്കൗണ്ട് നമ്പർ-0812201002322 | 176580 15-03-22 |
| | 14580 14-03-22 |
| | 14580 18-03-22 |
| | 4860 19-03-22 |
| | 23400 25-03-22 |
| | 5940 31-03-22 |

| | |
|---|---|
| | 53460<br>04-4-22 |

കുമരംപുത്തൂർ പഞ്ചായത്തിൽ ഉറവിടമാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതിലൂടെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഐ ആർ ടി സി മുഖേന ബയോ കംമ്പോസ്റ്റ് ബിൻ ലഭ്യമാക്കി വിതരണം നടത്തുക, അതിലൂടെ വീടുകളിൽ നിന്നുതന്നെ മാലിന്യമുക്തമാക്കുക എന്നതാണ് ലക്ഷ്യം. പദ്ധതി നടപ്പാക്കുന്നതിനുള്ള വേണ്ട സാങ്കേതികാനുമതി ശുചിത്വ മിഷൻ നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഐ ആർ ടി സി യുമായി 25-10-2021 ന് കരാർ ചമച്ചിട്ടുണ്ട്. ബയോ ബിൻ ഒന്നിന് 1800 രൂപ നിരക്കിൽ 163 ഗുണഭോക്താക്കൾക്ക് 10% ഗുണഭോക്തൃ വിഹിതം ഈടാക്കി ( 1800*10/100= 180) വിതരണം നടത്തിയിട്ടുണ്ട്. തുക 2,93,400- മുൻകൂറായി സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം അടവാക്കുന്നവർക്ക് വിവിധ തീയ്യതികളിൽ ബയോബിൻ ഇറക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) 2017 ലെ സി.ജി.എസ്.ടി ആക്ട് വകുപ്പ് 51(1), 2017 ലെ എസ്.ജി.എസ്.ടി ആക്ട് സെക്ഷൻ 51(1) എന്നിവ പ്രകാരം കരാർ തുക 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ ബിൽ തുക നൽകുമ്പോൾ CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ മാർഗ്ഗനിർദേശമുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. ജി എസ് ടി-ടി ഡി എസ് കുറവു ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷത്തിനുള്ള (നം.11/20-03-2023) മറുപടിയിൽ ജി.എസ്.ടി-ടി.ഡി.എസ് കുറവു ചെയ്യണമെന്നുള്ള അറിവില്ലായ്മ കൊണ്ടാണ് മുഴുവൻ തുകയും അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്.

1) കരാർ തുക 2.50 ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകളിൽ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി കുറവ് ചെയ്യാതിരുന്നാൽ പിഴ ഒടുക്കേണ്ടി വരുമെന്നതിനാൽ നിയമാനുസൃതം ടി.ഡി.എസ് നടത്തിയതിനു ശേഷം മാത്രം തുക അനുവദിക്കേണ്ടതാണ്.

## 1-20 കുടുംബശ്രീ ചെലവഴിക്കാത്ത പദ്ധതിത്തുക തിരിച്ചടച്ചിട്ടില്ല

കുടുംബശ്രീ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ വർഷങ്ങളിൽ ലഭിച്ച തുകകൾ മുതനിക്ഷേപമായി കിടക്കുന്നു. ചെലവഴിക്കാത്ത തുകകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ലഭിച്ച തീയ്യതി | ലഭിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| എസ്.സി | 03-11-03 | 547442 | 432087 | 115355 |
| മഴവെള്ള സംഭരണി | 5-08-04 | 30900 | 20240 | 10660 |
| എസ്.ടി ഹൗസ് | 2005-06 | 1475000 | 100000 | 1375000 |
| എസ്.ടി ലാന്റ് | 2008-09 | 405000 | 45000 | 360000 |
| എസ്.സി | 2006-07 | 721500 | 631500 | 90000 |

| | | | | |
|---|---|---|---|---|
| ലാന്റ് | | | | |
| ഐ.സി.ഡി ഫുഡ് | 2003-04 | 674746 | 646133 | 28713 |
| | | | ആകെ | 1969068 |

ബാങ്ക് ഓഫ് ബറോഡ, മണ്ണാർക്കാട് ശാഖയിലെ 37010100013432 നമ്പർ അക്കൗണ്ടിലാണ് ചെലവഴിക്കാത്ത തുക നിക്ഷേപിച്ചിരിക്കുന്നത്. നാളിതുവരെയായിട്ടും നീക്കിയിരിപ്പ് തുക തിരിച്ചടക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി (നം.16/21-03-23) ക്കുള്ള മറുപടിയിൽ അവശേഷിക്കുന്ന തുകകൾ കൺസോളിഡേറ്റഡ് അക്കൗണ്ടിൽ അടവാക്കി ആയതിന്റെ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം:

പട്ടികയിൽ പരാമർശിച്ച പ്രൊജക്ടുകൾ ആശ്രയ പദ്ധതിയുടെ ഭാഗമാണെങ്കിൽ നീക്കിയിരിപ്പ് തുക അഗതി രഹിത കേരളം പദ്ധതിക്കായുള്ള അക്കൗണ്ടിലേക്ക് മാറ്റേണ്ടതും അല്ലാത്ത പക്ഷം സംസ്ഥാന സർക്കാരിന്റെ കൺസോളിഡേറ്റഡ് അക്കൗണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-21 മാനസിക വൈകല്യമുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് - മുഴുവൻ തുകയും ഉറപ്പുവരുത്തിയിട്ടില്ല

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ / ബത്ത നൽകി പഠനസാധ്യതകൾ ഉണ്ടാക്കുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. ഭിന്നശേഷിക്കാരുടെ ലിസ്റ്റ് പ്രകാരം 74 മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്കാണ് ഈ പ്രോജക്ടിൽ നിന്നും സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 29/22 (ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ-ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 25,00000 |
| ചെലവ് | 2093588 |
| ബിൽ നമ്പർ/തീയതി | 6/2-09-21, 948400<br>Brn No-20522/8-11-21. 500000<br>Brn No-1638/24-01-22, 500000<br>24-01-22- തനത് ഫണ്ട്-145188/ |

സ.ഉ(കൈ)നം.22/2018/തസ്വഭവ, തിയതി.14.02.2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6 പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠന സാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠന യാത്രയ്ക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28500/- രൂപ വരെ നൽകാവുന്നതാണ്. എന്നാൽ മാനസിക വൈകല്യമുള്ള കുട്ടികൾക്ക് അർഹമായ തുക അനുവദിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| മാനസിക വൈകല്യമുള്ള കുട്ടികളുടെ എണ്ണം | അർഹമായ തുക | നൽകിയ തുക | വ്യത്യാസം |
|---|---|---|---|
| 74 | 28500*74= 2109000 | 23744*74= 1757000 | 352000 |

ആകെ ചെലവഴിച്ച തുകയിൽ (2093588 രൂപ) ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് 336588 രൂപ അവരുടെ അർഹതയ്ക്കനുസരിച്ച് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ മാനസിക വൈകല്യമുള്ള കുട്ടികൾക്ക് അർഹമായ തുക അനുവദിച്ചിട്ടില്ല.

എൻക്വയറി നമ്പർ- 17/21-03-23 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രൊജക്റ്റ് റിവിഷനിൽ ആവശ്യമായ തുക വകയിരുത്തി മാനസിക വൈകല്യമുള്ള കുട്ടികൾക്ക് ബാക്കി തുക നൽകുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-22 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെയും പൂർത്തിയാക്കി ബിൽ തുക നൽകിയതിന്റെയും ചെലവഴിച്ച തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 52 | 99 | 151 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 46 | 64 | 110 |
| പൂർത്തീകരിച്ചതിന്റെ ശതമാനം | 88.46 | 64.65 | 72.85 |

ചെലവഴിച്ച തുകയുടെ വിവരം:

| ഫണ്ടിനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 3730000 | 2029918 | 54.42 |
| വികസന ഫണ്ട് (എസ്.സി.പി) | 390100 | 0 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 1978 | 1978 | 100 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 10397350 | 4354750 | 41.88 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2238271 | 759496 | 33.93 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 300000 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 13355000 | 13121850 | 98.25 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 5707892 | 1372335 | 24.04 |
| തനത് ഫണ്ട് | 14883208 | 3952138 | 26.55 |
| ആകെ | 51003799 | 25592465 | 50.18 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 72.85%പൂർത്തീകരിച്ചപ്പോൾ വകയിരുത്തിയ തുകയുടെ 50.18% മാത്രമാണ് ചെലവഴിക്കാനായത്. സ്പിൽ ഓവർ പ്രവൃത്തികളിൽ 6 എണ്ണം തൻവർഷം പൂർത്തീകരിച്ചിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച് തുടർവർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ പൂർണ്ണമായും വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണപ്രവൃത്തികളിൽ വാട്ടർ ക്യൂറിങ് പിരിയഡ് പൂർത്തിയാക്കാതെ കോൺക്രീറ്റിങ് പൂർത്തിയാക്കിയ ഉടനെ തന്നെ ബിൽ തുക അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി (നമ്പർ 7.2/18.03.2023, 12.3/20.03.2023) സാമ്പത്തിക വർഷം

അവസാനിക്കുന്ന ഘട്ടമായതിനാൽ ബിൽ ട്രഷറിയിൽ സമർപ്പിച്ചവെങ്കിലും തുടർ ദിവസങ്ങളിൽ ക്യറിങ് കൃത്യമായി നടത്തിയിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

## 1-23 പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കാത്തത്

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017 ലെ സർക്കാർ ഉത്തരവ് (കൈ) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5) ൽ നിർമ്മാണ പ്രവ്യത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവ്യത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 26ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന ബോർഡ് പ്രവൃത്തി ആരംഭിക്കുന്ന തീയതി മുതൽ പ്രവൃത്തി പൂർത്തിയാക്കിയ ശേഷവും സ്ഥിരമായി നിലനിൽക്കുന്ന രീതിയിൽ സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിൽ 2021-22 ൽ പൂർത്തീകരിച്ച പ്രവ്യത്തികളുടെ നിർവ്വഹണ സ്ഥലത്ത് ചട്ടപ്രകാരമുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ബോർഡ് സ്ഥാപിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് പൊതുമരാമത്ത് പണികൾ നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് അന്വേഷണം (നം. 7/18-03-2023) നൽകി യതിന് താഴെ പറയും പ്രകാരമാണ് മറുപടി ലഭ്യമാക്കിയത്.

1. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിൽ പ്രവൃത്തികളുടെ എണ്ണം വളരെ കൂടുതലും വകയിരുത്തുന്ന തുക വളരെ കുറവുമാണ്.

2. ഒരു റോഡിന്റെ പല റീച്ചുകൾ അടുത്തടുത്ത വർഷങ്ങളിലായി നിർവ്വഹിക്കുമ്പോൾ റോഡിന്റെ വശങ്ങളിലായി 'Name Board' കളുടെ എണ്ണം കൂടുന്നത് പൊതുജനങ്ങൾക്ക് ഗതാഗതത്തിന് തടസമായി വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

3. വലിയ പ്രവ്യത്തികൾക്ക് ഇത്തരം ബോർഡുകൾ വെക്കുന്നതിനുള്ള Provision എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും പ്രവൃത്തി സ്ഥലത്ത് Display ചെയ്യുകുകയും ചെയ്ത് വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം:

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 17 പ്രകാരം ചട്ടം17 ർ(3)ൽ പരാമർശിച്ചിരിക്കുന്ന എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി പഞ്ചായത്ത് നടത്തുന്ന എല്ലാ പൊതുമരാമത്ത് പണികളുടെയും സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതാണ്.

## 1-24 ഇ ടെണ്ടർ ഫോം വിലയായി ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തുക തനത് ഫണ്ടിൽ അടവാക്കാത്തത്

ഇ ടെണ്ടർ ഫോം വിലയായി ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 00000037364605862/SBI കുമരംപുത്തൂർ ബ്രാഞ്ച്) വരവ് വന്ന തുക തനത് ഫണ്ടിൽ അടവാക്കിക്കാണുന്നില്ല. 31.03.2022 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റാണ് ഓഡിറ്റിന് ഹാജരാക്കിയത്. 31.03.2022 ന് അക്കൗണ്ടിൽ ₹44,521/- നീക്കിയിരിപ്പുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 12.1/20.03.2023) മറുപടിയിൽ ടെണ്ടർ ഫോം വിലയായി അക്കൗണ്ടിൽ വരവുവന്ന തുക തനത് ഫണ്ടിൽ അടവാക്കുന്നതിന് ചെക്ക് നൽകിയതായി പരാമർശിച്ചിട്ടുണ്ട്. തുക തനത് ഫണ്ടിൽ വരവുവന്നത് ഉറപ്പാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 ടെയ്ക്ക് എ ബ്രേക്ക് - വട്ടമ്പലം ഷോപ്പിങ് കോംപ്ലക്സിൽ ടോയ്‌ലറ്റ് ബ്ലോക്ക് എക്സ്റ്റൻഷൻ - ടോയ്‌ലറ്റ് തുറന്ന് കൊടുക്കാത്തത്

ടെയ്ക്ക് എ ബ്രേക്ക് - വട്ടമ്പലം ഷോപ്പിങ് കോംപ്ലക്സിൽ ടെയ്‌ടലറ്റ് ബ്ലോക്ക് എക്സ്റ്റൻഷൻ എന്ന പ്രവൃത്തി 28.06.21ന് പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള ടോയ്‌ലറ്റിന്റെ കൂടെ 2 ബാത്ത് റൂമും ഒരു വാട്ടർ ക്ലോസറ്റും അടങ്ങിയ കോംപ്ലക്സ് ആണ് നിർമ്മിച്ചത്. പ്രൊജക്ട് നമ്പർ 218/22: ടെയ്ക്ക് എ ബ്രേക്ക് - വട്ടമ്പലം ഷോപ്പിങ് കോംപ്ലക്സിൽ ടോയ്‌ലറ്റ് ബ്ലോക്ക് എക്സ്റ്റൻഷൻ എന്ന സ്പിൽ ഓവർ പ്രോജക്ട് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ₹210,000/- (വൗച്ചർ നമ്പർ 22100339/02.09.20221) ചെലവഴിച്ചിട്ടാണ് ഈ പ്രവൃത്തി നിർവ്വഹിച്ചത്.

ഇത് തുറന്ന് കൊടുത്തതിന്റെ വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 12.2/20.03.20203) മറുപടിയിൽ ഈ പ്രവൃത്തിയുടെ പ്ലംബിങ്ങ് ജോലികൾ ഇപ്പോഴാണ് പൂർത്തീകരിച്ചതെന്നും തുടർന്നുള്ള നടത്തിപ്പിനായി വിവരം ഭരണ സമിതിയെ അറിയിച്ചിട്ടുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്. ടോയ്‌ലെറ്റ് തുറന്ന് കൊടുത്ത് ഇതിന്റെ നടത്തിപ്പ് ഏതു രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത് എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 ചങ്ങലീരി സി.എച്ച്. സ്റ്റേഡിയം - തുറന്ന് കൊടുക്കാത്തത്

2021-22 വർഷം ആവിഷ്കരിച്ച പ്രൊജക്ട് നമ്പർ 111/22: ചങ്ങലീരി സി. എച്ച് സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തി തനത് ഫണ്ടിൽ നിന്നും ₹469,454/- (വൗച്ചർ നമ്പർ: 2210195/26.03.2022) ചെലവഴിച്ച് നിർവ്വഹിച്ചിട്ടുണ്ട്. ഈ സ്റ്റേഡിയം നാളിതുവരെ ഉപയോഗ പ്രദമാക്കിയിട്ടില്ല. സ്റ്റേഡിയം പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ അടങ്കൽ, എത്ര വർഷം കൊണ്ട് പൂർത്തീകരിക്കുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് എന്നീ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 21/21.03.2023) നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച മറുപടി താഴെപറയും പ്രകാരമാണ്.

ചങ്ങലീരി സി.എച്ച്. സ്റ്റേഡിയത്തിന്റെ ഘടനയിൽ മാറ്റം വരുമെന്നുള്ള തിനാൽ 2021-22 സാമ്പത്തിക വർഷം 111/22 നമ്പർ പ്രൊജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും ₹469,454/- ചെലവഴിച്ചാണ് ഈ പ്രവൃത്തി നിർവ്വഹിച്ചത്. എന്നാൽ ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം ബാക്കിയുള്ള പ്രവൃത്തികൾ വരും വർഷങ്ങളിൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്റ്റേഡിയം പ്രവർത്തനത്തിനായി തുറന്ന് കൊടുക്കുന്നതാണ്.

ഓഡിറ്റ് നിരീക്ഷണം : സ്റ്റേഡിയം നിർമ്മാണത്തിന് സമഗ്രമായ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അത് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ഹാജരാക്കുകയോ, മറുപടിയിൽ ഇക്കാര്യം പരാമർശിക്കുകയോ ചെയ്തിട്ടില്ല. 2022-23ൽ തുടർപ്രവർത്തനങ്ങൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടുമില്ല. സ്റ്റേഡിയത്തിനായി ചെലവഴിച്ച ₹469,454/- പാഴ്ച്ചെലവായി മാറാതിരിക്കാൻ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ട് തയ്യാറാക്കി സ്റ്റേഡിയം യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പ്രവൃത്തി പൂർത്തീകരണത്തിനായി പരമാവധി സമയം നീട്ടി നൽകാവുന്നത്.

ആദ്യം ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് ആകെ അനുവദിച്ച സമയത്തിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാതെ ബിൽ തുക അനുവദിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 169/22(145/19): പറമ്പുള്ളി ക്രമ്പ് റോഡ് റീ ടാറിങ് |
| അടങ്കൽ | ₹200,000/- MG(R) |
| ചെലവ് തുക/ ബിൽ നമ്പർ | ₹200,000/- 17/05.08.21 |
| ആകെ പ്രവൃത്തിമൂല്യം/ അളവുപുസ്തകം | ₹200,000/- 119/20-21 |
| കരാർ നമ്പർ/ കരാർ തുക | 45/06.09.18 ₹199,698/- |
| കരാറുകാരൻ | ഷറഫുദ്ദീൻ അലി |
| PAC | ₹199,698/- |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതി | 05.05.2019 |
| പൂർത്തീകരിച്ച തീയ്യതി | 18.03.2021 |
| ഈടാക്കേണ്ട പിഴ – 06.05.19 മുതൽ 05.07.19 വരെ | 199,698 X1 % = 1997/- |
| ഈടാക്കേണ്ട പിഴ – 06.07.19 മുതൽ 05.09.19 വരെ | 199,698 X 2% = 3994/- |
| ആകെ ഈടാക്കേണ്ട പിഴ | ₹5991/- |

12.09.2018ന് തന്നെ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സൈറ്റ് ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി ആരംഭിച്ചത് 01.03.2021ന് മാത്രമാണ്. സാങ്കേതികാനുമതി (നം.27586/2018-19) ഉത്തരവ് പ്രകാരം ഈ പ്രവൃത്തിക്കിക്ക് പരമാവധി അനുവദിക്കാവുന്നത് 8 മാസം ആണ്. ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടിക്കിട്ടുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുമില്ല. അസിസ്റ്റന്റ് എഞ്ചിനീയർ തീയതി രേഖപ്പെടുത്താതെ സെക്രട്ടറിക്ക് നൽകിയ കത്തിൽ കരാറുകാരന് അസുഖമായതിനാലും കൊറോണ ആയതിനാലും 31.03.2021 വരെ പിഴ കൂടാതെ കാലാവധി നീട്ടിനൽകുന്നതിന് ഭരണ സമിതിയുടെ തീരുമാനം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൊറോണയ്ക്ക് ഏറെ കാലം മുമ്പ് തന്നെ പൂർത്തീകരണത്തിന് ആവശ്യമായ സമയം ഉണ്ടായിരുന്നതിനാൽ ഈ അപേക്ഷ പരിഗണിക്കാവുന്നതല്ല.

ഇക്കാര്യം ഓഡിറ്റ് അന്വേഷണം നമ്പർ 7.3/18.03.2023 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

പിഴയിനത്തിൽ ഈടാക്കേണ്ട ₹5,991/- (അയ്യായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയൊന്ന് രൂപ) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

### 1-28 പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയില്ലാതെ പ്രവൃത്തി ചെയ്തത്

175/22(356/20,): കുടിവെള്ള പദ്ധതിക്ക് വാൽവ് സ്ഥാപിക്കൽ എന്ന പ്രവൃത്തിയുടെ പൂർത്തീകരണം ഒന്നര വർഷം വൈകിയിട്ടും പിഴ ഈടാക്കാത്തത് സംബന്ധിച്ച് നമ്പർ 18/21.03.2023 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ PWD റോഡിലെ പ്രവൃത്തികളുടെ സാന്നിധ്യം മൂലം പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിക്കേണ്ടതായും വന്നിട്ടുള്ളതതുകൊണ്ടാണ് പിഴ ഈടാക്കാതെ ബിൽ തുക നൽകിയതെന്ന് പരാമർശിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പരും | 175/22(356/20,): കുടിവെള്ള |

| | |
|---|---|
| പേരും | പദ്ധതിക്ക് വാൽവ് സ്ഥാപിക്കൽ |
| അടങ്കൽ | ₹200,000/- Own Fund |
| ചെലവ് തുക/വൗച്ചർ നമ്പർ | ₹168,620/- 2210191/26.3.22 |
| ആകെ പ്രവൃത്തിമൂല്യം/ അളവുപുസ്തകം | ₹168,620/- 101/20-21, 389/21-22 |
| കരാർ നമ്പർ/ കരാർ തുക | 136/30.03.20₹174,914/- |
| കരാറുകാരൻ | പി. അഷറഫ് |
| PAC | ₹174,914/- |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതി | 29.09.2020 |
| പൂർത്തീകരിച്ച തീയ്യതി | 02.02.2022 |

പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭ്യമാക്കിയതിന്റെ രേഖകളും ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി PWDയുടെ അനുമതിയില്ലാതെ തന്നെ അടിയന്തിരമായി വാൽവുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം പുനസ്ഥാപിക്കേണ്ടിവന്നു എന്നാണ് മറുപടിയിൽ പരാമർശച്ചത്.

മറ്റ് വകുപ്പുകളുടെ അനുമതിയാവശ്യമായ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് മുൻപുതന്നെ അനുമതി ലഭ്യമാക്കേണ്ടതും പിന്നീട് ഉണ്ടാകുന്ന കാലതാമസവും മറ്റ് പ്രശ്നങ്ങളും ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2021-22 | 16.3.2023 മുതൽ 21.3.2023 വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100359 | സാന്ത്വന ശുശ്രൂഷ | 0 | 100359 |
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 500000 | 29/22-ശാരീരിര മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 500000 | 0 |
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1790000 | 22/22-ലൈഫ് ഭവന പദ്ധതി -എസ്.സി. | 1790000 | 0 |
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 500000 | 56/22-ലൈഫ് ഫേസ് 2 ഭവന പദ്ധതി എസ്.റ്റി. | 500000 | 0 |
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | 32/22-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 86965 | 34/22-നെൽകൃഷിക്ക് കൂലി ചെലവി | 86965 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 500000 | 29/22-ശാരീരിര മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 500000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 3140000 | 22/22-ലൈഫ് ഭവന പദ്ധതി -എസ്.സി. | 3140000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 700000 | 56/22-ലൈഫ് ഫേസ് 2 ഭവന പദ്ധതി എസ്.റ്റി. | 700000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 50000 | 32/22-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹440000/- വരവുണ്ട്. ബാലൻസ് തുക ഒന്നും വിനിയോഗിക്കാൻ അവശേഷിക്കുന്നില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ ₹ | പലിശ | |
| ലൈഫ് മിഷൻ-ഭവന നിർമ്മാണം | GO(MS) No.68/ 2018. LSGD Dt. 18.5.2018 | 36500000 440000(തൻവർഷ വായ്പ തുക) | 31396000 | 3563999 | 0 | 28272001 |

ലൈഫ് ലോൺ വരവ്, തിരിച്ചടവ് നിരീക്ഷിക്കുന്നതിന് ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/18.3.2023ന് ലൈഫ് പദ്ധതിക്കായി എടുത്തിട്ടുള്ള ലോൺവിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ലോൺ രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 88419/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-2ബി | 600 | യാക്കൂബ് | 42100101/15.12.2021 |
| 2018-19 | 1-15 | 75319 | ഇ-ടെണ്ടർ ഫോം വില -എ.ഇ | 121050900246/ 3.1.2022 |
| 2018-19 | 1-12 | 1250 | സുനിൽ ജോർജ്ജ്, പമ്പ് ഓപ്പറേറ്റർ | 121060109152/ 3.1.2022 |
| 2018-19 | 1-12ഇ | 1250 | മുഹമദ് അലി | 121060109194/ 4.1.2022 |
| 2017-18 | 2-2 | 5000 | സർവീസ് കോ.ഓപ്പ്. | 42100149/ 25.1.2022 |

| | | | | |
|---|---|---|---|---|
| | | | ബാങ്ക്, ചങ്ങലീരി, പയ്യനടം ബ്രാഞ്ച് | |
| 2016-17, 2017-18 | 1-13, 1-12 | 5000 | ജംഷീദ്.കെ., കരാറുകാരൻ | 121060110276/ 3.2.2022 |
| ആകെ | | 88419 | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-1 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി | സിറ്റിംഗ് നടന്നിട്ടില്ല |
| 2013-14 & 2014-15 | 2-1 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി | സിറ്റിംഗ് നടന്നിട്ടില്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹ 103360542/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹92335207/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഒന്നുമില്ല | | | |

പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 5991.00 | റഷീദ് ഇ, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റഷീദ് ഇ, അസി. എഞ്ചിനീയർ | വിടുതൽ ചെയ്തു (താൽക്കാലികം) | എളംപിലാവിൽ വീട്, ഭീമനാട് പോസ്റ്റ്, മണ്ണാർക്കാട് - 678601 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | KSA.PKD.9/1912 /2022/28.11.2022 (അദാലത്ത്) | 1 |
| 2001-02 | LFP 8-86(3)/14/7-10-14 | 11 |
| 2002-03 | LFP 886(4)/14/9-10-14 | 7 |
| 2003-04 | LFP 886(5)/14/9-10-14 | 9 |
| 2004-05 | LFP 886(6)/14/20-2-14 | 7 |
| 2005-06 | LFP 886(7)/14/14-2-14 | 6 |
| 2006-07 | LFP 886(8)/14/20-2-14 | 9 |
| 2007-08 &2008-09 | LFP 886(9)14/ 14-2-14 | 17 |

| | | |
|---|---|---|
| 2009-10<br>2010-11<br>&2011-12 | LF P 13-77/13/ 19-2-2013 | 28 |
| 2012-13 | LFP 13/883 /15/20-8-2015 | 17 |
| 2013-14<br>2014-15 | KSA-PKD13/1389/16 | 23 |
| 2015-16 | KSA-PKD-9/152/2017 Dt. 31.1.2017 | 9 |
| 2016-17 | കെഎസ്എ പികെഡി 9-1687/2017 Dt.19.10.2017 | 24 |
| 2017-18 | കെ.എസ്.എ-പികെഡി9-424/2019 Dt.26.04.2019 | 36 |
| 2018-19 | കെ.എസ്.എ-പികെഡി(9)-1329/2020 Dt.19.1.2021 | 26 |
| 2019-20 | കെ.എസ്.എ-പികെഡി(9)-1367/21 /26.11.21 | 23 |
| 2020-21 | KSA PKD9-1368/21 /16/12/2021 | 38 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## വാർഷിക കണക്കുകൾ - സംക്ഷിപ്തം

| Kumaramputhur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -26440062.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 112382724.00 |
| | Total Reserve & Surplus | | 85942662.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 11515972.00 |
| | Total Grants, Contributions for Specific Purposes | | 11515972.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 28272001.00 |
| | Total Loans | | 28272001.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 268493.00 |
| 350000000 | Other Liabilities | B-9 | 1266204.00 |
| | Total Current Liabilities and Provisions | | 1534697.00 |
| | TOTAL LIABILITIES | | 127265332.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 141299688.00 |
| 411000000 | Accumulated Depreciation | B-11 | -75617514.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 65682174.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 7650928.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 28272001.00 |
| 450000000 | Cash and Bank Balance | B-17 | 24386636.00 |
| 460000000 | Loans, Advances and Deposits | B-18 | 1273593.00 |
| | Total Current Assets, Loans and Advances | | 0.0 |

| | | | |
|---|---|---|---|
| | Total Current Assets, Loans and Advances | | 61583158.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 127265332.00 |

| Kumaramputhur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7732172.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 216778.00 |
| 140000000 | Fee & User Charges | I-4(b) | 4529334.00 |
| 150000000 | Sale & Hire Charges | I-5(b) | 284590.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 185928428.00 |
| 171000000 | Interest Earned | I-8 | 268366.00 |
| 180000000 | Other Income | I-9 | 323855.00 |
| | Total Income | | 199283523.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12934453.00 |
| 220000000 | Administrative Expenses | I-11(b) | 1803477.00 |
| 230000000 | Operations & Maintenance | I-12(b) | 2748927.00 |
| 240000000 | Interest & Finance Charges | I-13 | 720.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6915549.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 73362453.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 667588.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 4156083.00 |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 73852288.00 |

| | | | |
|---|---|---|---|
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 12527930.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 53957.00 |
| 272000000 | Depreciation | I-17(a) | 11966865.00 |
| | Total Expenditure | | 200990290.00 |
| | Gross Surplus/ Deficit of income over Expenditure | | -1706767.00 |
| 280000000 | Prior Period Item | I-18 | -39112.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -1667655.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Kumaramputhur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 13272764.00 |
| Cash | Cash | RP-40(a) | 88537.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2086790.00 |
| 130000000 | Rental income from Panchayat Properties | RP-3 | 6370.00 |
| 140000000 | Fees & User Charges | RP-4 | 709134.00 |
| 150000000 | Sale & Hire Charges | RP-5 | 284590.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 66552481.00 |
| 171000000 | Interest Earned | RP-9 | 268366.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 21119229.00 |
| 350000000 | Other Liabilities | RP-36 | 259793.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| 180000000 | Other Income | RP-10 | 123423.00 |
| 330000000 | Secured Loans | RP-32 | 440000.00 |
| 340000000 | Deposits Received | RP-34 | 142601.00 |
| 350000000 | Other Liabilities | RP-36 | 339455.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10953446.00 |
| 460000000 | Loans, Advances and Deposits | RP-47 | 74864.00 |
| | Grand total | | 116721843.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5130226.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-12 | 1803477.00 |
| 230000000 | Operations & Maintenance | RP-13 | 2748927.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6783399.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 32849351.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 168088.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 3956546.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 475188.00 |
| 255000000 | Maintenance Projects | RP-20 | 12183471.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 53957.00 |
| 280000000 | Prior Period item | RP-26 | -2500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 508672.00 |
| 350000000 | Other Liabilities | RP-36 | 11406317.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 720.00 |
| 280000000 | Prior Period Item | RP-26 | -3000.00 |
| 340000000 | Deposits Received | RP-34 | 193575.00 |
| 350000000 | Other Liabilities | RP-36 | 2658221.00 |
| 410000000 | Fixed Assets | RP-38 | 9613865.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 440000000 | Pre-paid Expenses | RP-45 | 440000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1366707.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 24386636.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 116721843.00 |

DEPUTY DIRECTOR